അത് പൂട്ടിയിടണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അവിടെ ബഹുജന പ്രക്ഷോപണം നടന്നതാണ്. അതിനുശേഷം ഈ മലിനീകരണ ബോർഡ് ഇത് പരിശോധിച്ച് മലിനീകരണമുണ്ടെന്ന് ബോദ്ധ്യപ്പെടുത്തുകയും അവർക്ക് നോട്ടീസ് നൽകുകയും ചെയ്തതാണ്. അതുകൊണ്ട് ഇനി ഇതിന് പരിഹാരം ഉണ്ടാകുന്നതുവരെ ഫാക്ടറി അടച്ചിടാൻ നിർദ്ദേശിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. കരുണാകരൻ: സർ, അടച്ചിടാൻ നിർദ്ദേശം കൊടുക്കുന്നതിന് ചില നടപടികളും ആവശ്യമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അതിന്റെ ഉത്തരവാദപ്പെട്ട ആഫീസറെ അയച്ച് റിപ്പോർട്ടു വരുത്തി അടിയന്തിര നടപടികളും സ്വീകരിക്കുമെന്ന്.

സബ്മിഷൻ

(1) കാസർകോടു ജില്ലയിലെ ജില്ലാ ആഫീസുകളും

ശ്രീ. കെ. പുരുഷോത്തമൻ: സർ, കാസർകോട് ജില്ല നിലവിൽ വന്നിട്ട് ഒന്നേകാൽ വർഷത്തിലേറെയായി. എന്നാൽ അവിടെ ജില്ലാ ആഫീസുകളും പൂർണ്ണമായി നിലവിൽ വന്നിട്ടില്ല. പതിനഞ്ചോളം ജില്ലാ ആഫീസുകളും ഇനിയും നിലവിൽ വരാതെയിരിക്കുന്നു. പ്രധാനപ്പെട്ട ആഫീസുകളൊന്നും നിലവിൽ വന്നിട്ടില്ല. ഒരു ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് സ്ഥാപിതമായി എന്നു പറയപ്പെടുന്നു. എന്നാൽ അവിടെ നിലവിലിരുന്ന താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയതൊഴിച്ചാൽ യാതൊരു കല്പനയും അവിടെ എത്തിയിട്ടില്ല. ഇന്നും കേവലം താലൂക്ക് ആശുപത്രിയുടെ പരിമിതമായ സൗകര്യങ്ങൾ പോലും അവിടെയില്ല. അതുപോലെതന്നെ ഫിഷറീസ് ആഫീസ്, ജില്ലാ കോടതികൾ, എന്നീ സ്ഥാപനങ്ങളൊന്നും ഈ ജില്ലയിൽ നിലവിൽ വന്നിട്ടില്ല. ഇറിഗേഷൻ പോലെയുള്ള ആഫീസുകൾ ഒന്നും നിലവിൽ വന്നിട്ടില്ല. ഉള്ള ആഫീസുകളിൽ തന്നെ ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. കളക്ടറേറ്റിലെ സ്ഥിതി വളരെ ദയനീയമാണ്. ഇന്ന് കളക്ടറേറ്റ് പ്രവർത്തിക്കുന്നത് മുമ്പ് ആർ. ഡി. ഒ. ആഫീസ് പ്രവർത്തിച്ചിരുന്ന പെരിയ ഒരു കെട്ടിടത്തിലാണ്. അവിടെ സ്റ്റാഫിനെ പൂർണ്ണമായി നിയമിച്ചിട്ടില്ല. ഞാൻ അന്വേഷിച്ചതിൽ നിന്ന് മനസ്സിലായത് കേവലം അഞ്ചിലൊന്നു സ്റ്റാഫിനെ മാത്രമേ അവിടെ അനുവദിച്ചിട്ടുള്ളൂ എന്നാണ്. ജില്ലാ ആസ്ഥാനങ്ങളിൽ പൂർണ്ണമായ സ്റ്റാഫിനെ നിയമിക്കാതെ കേവലം അഞ്ചിലൊന്നു സ്റ്റാഫ് മാത്രം നിയമിക്കുന്നതു ശരിയല്ല. കളക്ടറേറ്റിന്റെ പ്രവർത്തനം എങ്ങനെ നിർവ്വഹിക്കാൻ സാധിക്കുമെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതുപോലെയുള്ള ആഫീസുകളെല്ലാം പ്രവർത്തിക്കുന്നത് കേവലം പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള വാടകകെട്ടിടങ്ങളിലാണ്. അവിടെ കളക്ടർ താമസിക്കുന്ന കെട്ടിടത്തിന് കൊടുക്കുന്ന വാടക കേട്ടാൽ തല ചുറ്റും. രണ്ടായിരം ഉറുപ്പികയാണ് മാസം വാടകകൊടുക്കുന്നത്. ഒരു സിവിൽ സ്റ്റേഷൻ പണിയാനുള്ള നടപടി ആരംഭിച്ചിട്ടില്ല. ജില്ലാകോടതി നിലവിൽ വന്നിട്ടില്ല. കാസർകോട് ജില്ല ഞങ്ങളുടെ ചിരകാലാഭിലാഷമായിരുന്നു. അവിടത്തെ വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനു വേണ്ടിയാണ് ഇതിനെ സ്വാഗതം ചെയ്തത്. എക്കാലത്തും പിന്നോക്കം തള്ളപ്പെട്ട ജില്ല എന്ന നിലക്കു അവിടെ ജില്ല നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നെങ്കിലും ഇന്ന് വികസന പ്രവർത്തനങ്ങൾ, ആവശ്യത്തിനു ആഫീസുകൾ നിലവിൽ ഇല്ലാത്തതുകൊണ്ടും ആഫീസുകളിൽ പൂർണ്ണമായി സ്റ്റാഫിനെ നിയമിക്കാത്തതുകൊണ്ടും ഇപ്പോഴും മുടങ്ങിക്കിടക്കുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് ജില്ലാ ആഫീസുകളിൽ പൂർണ്ണമായി സ്റ്റാഫിനെ നിയമിക്കാനുള്ള അടിയന്തിര നടപടിയെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, നമ്മുടെ സംസ്ഥാനത്ത് ജില്ലകൾ രൂപീകരിച്ചതിൽ ഏറ്റവും വേഗത്തിൽ കൂടുതൽ ആഫീസുകൾ അനുവദിച്ചത് കാസർകോട് ജില്ലയ്ക്കാണ്. ആദ്യം പത്ത് ആഫീസുകൾ അനുവദിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെ ഒൻപത് ആഫീസുകൾ അനുവദിച്ചു. ബാക്കിയുള്ള ആഫീസുകൾ അനുവദിക്കുന്നതു സംബന്ധിച്ചുള്ള നടപടികൾ മുന്നോട്ടുനീങ്ങുകയാണ്. കാസർകോട് ജില്ലയെസംബന്ധിച്ചിടത്തോളം പറഞ്ഞാൽ വളരെയധികം പിന്നോക്കാവസ്ഥയിൽ കിടക്കുന്ന പ്രദേശങ്ങൾ അടങ്ങുന്ന ജില്ലയാണ്. ആ ജില്ലയുടെകാര്യങ്ങൾ മറ്റുള്ള ജില്ലകളിൽ നിന്നും വ്യത്യസ്തമായി, പ്രത്യേകമായി ശ്രദ്ധിച്ചു ചെയ്യേണ്ടതാണെന്നുള്ള കാര്യത്തിൽ രണ്ട് അഭിപ്രായം ഉണ്ടാകേണ്ട കാര്യമില്ല. ജില്ലാ ആശുപത്രിയുടെ കാര്യത്തിലും മറ്റ് ആഫീസുകൾ സ്ഥാപിക്കുന്ന കാര്യത്തിലും സത്വരമായ നടപടി സ്വീകരിക്കാം. പുതിയ ഡിസ്ട്രിക്റ്റ് ആഫീസുകൾ കാസർകോടിൽ സ്ഥാപിച്ചിട്ടില്ലെങ്കിലും ആ ആഫീസുകളൊക്കെ ഇപ്പോഴും ആ അതിർത്തി ഉൾക്കൊണ്ടുകൊണ്ടു കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുകയാണ്. ആ ആഫീസുകൾ കഴിയുന്നതും വേഗം കാസർകോട്ടേയ്ക്ക് മാറ്റണമെന്ന ആഗ്രഹമുണ്ട്. അതിനാവശ്യമായ സത്വര നടപടിസ്വീകരിക്കും. സ്റ്റേറ്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വേണ്ട നടപടി സ്വീകരിക്കാം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിൽ വളരെയധികം താല്പര്യമുണ്ട്.

(2) ആര്യനാട്ടും മറ്റും പ്രതിപക്ഷ പ്രവർത്തകർ നേരിടുന്ന പീഡനങ്ങൾ

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഞാൻ പ്രതിനിധീകരിക്കുന്ന ആര്യനാട് മണ്ഡലത്തിൽ പലസ്ഥലങ്ങളിലും സാമൂഹ്യവിരുദ്ധരിൽനിന്നും പോലീസിൽനിന്നും പ്രതിപക്ഷപ്രവർത്തകർക്ക് നേരിടുന്ന മർദ്ദനങ്ങളുടേയും കള്ളക്കേസുകളുടേയും കാര്യം ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. മുൻ പഞ്ചായത്ത് പ്രസിഡന്റ് ആയ ആൽബർട്ടിനെ ആര്യനാടുള്ള ചില ആളുകൾ കാറിൽ ബലമായി കയറ്റിക്കൊണ്ടുപോയി മർദ്ദിച്ചിട്ട് വിതുരയിൽ കൊണ്ട് വിട്ടു. പോലീസ് സ്റ്റേഷനിൽ പരാതികൊടുക്കാൻ പോയപ്പോൾ അവിടെവച്ചും അയാളെ മർദ്ദിച്ചു. ഇതേപ്പറ്റി പത്രത്തിൽ വാർത്തയുണ്ടായിരുന്നു. പേഴുംമൂട് എന്നുപറയുന്ന പ്രദേശത്ത് ഒരു സൊസൈറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് രണ്ട് വിഭാഗക്കാർ തമ്മിൽ തർക്കം ഉണ്ടായതിനെത്തുടർന്ന് മുൻ പഞ്ചായത്ത് മെമ്പറും ആർ. എസ്. പി. ക്കാരനുമായ ആ സ്ഥലത്തൊന്നും ഇല്ലാതിരുന്ന പ്രവർത്തകനെ നിർബ്ബന്ധമായി പിടിച്ചുപറിയും മറ്റും നടത്തിയെന്ന്

LIBRARY ARCHIVES Kerala Legislative Assembly